# കൊച്ചുകുട്ടികൾക്കും ജനസംഖ്യാ വിദ്യാഭ്യാസം നൽകണം

ഡോക്ടർ കെ. ഭാസ്കരൻ നായർ

ലോകത്തെ ഒന്നാകെ എടുത്തുനോക്കിയാൽ മനുഷ്യരുടെ എണ്ണം വർഷംപ്രതി 2.1 ശതമാനം വീതം വർദ്ധിക്കുന്നതായി കാണുന്നു. ഇന്ത്യയെ മാത്രം എടുത്താൽ ജനസംഖ്യാവർദ്ധനവിന്റെ നിരക്ക് 2.4 ശതമാനവും, കേരളത്തിൽ അത് 2.6 ശതമാനവുമാണ്. ഇതിന്റെ അർത്ഥം ലോകത്തിൽ ആയിരം ആളുകൾ ഉണ്ടായിരുന്ന സ്ഥലത്ത് ഒരുകൊല്ലം കഴിയുമ്പോൾ 1021 പേരും ഇന്ത്യയിൽ 1024 പേരും കേരളത്തിൽ 1026 പേരും ഉണ്ടാകുമെന്നാണ്.

ഇങ്ങനെ അതിശീഘ്രം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനുള്ള സൗകര്യം പോലും ഭൂമിയിലില്ല. ഉദാഹരണത്തിന് യൂറോപ്പിലെയും അമേരിക്കയിലെയും സമ്പന്നരായ ആളുകൾ തിന്നുന്ന അളവിൽ ഭൂമിയിൽ വിളയുന്ന ആഹാരം മുഴുവനുംകൂടി സമാഹരിച്ച് വീതിക്കുകയാണെങ്കിൽ അത് ലോക ജന സംഖ്യയിൽ മൂന്നിലൊരംശത്തിനു മാത്രമേ തികയുകയുള്ളു. അതായത്, ലോകത്തിൽ ആകെ 390 കോടി ജനങ്ങളുണ്ടെങ്കിലും, 130 കോടിക്കുമാത്രം തികയുന്ന ഭക്ഷ്യസാധനങ്ങളേ ഭൂമിയിൽ ഉണ്ടാകുന്നുള്ളു എന്നു ചുരുക്കം. ബാക്കിയുള്ള 260 കോടിയും ഏറെക്കുറെ പട്ടിണിയിലാണ്. ഇതാണ് ഏററവും വലിയ സങ്കടം. കടുംകൃഷി ചെയ്താലും ഹരിതവിപ്ലവംകൊണ്ട് വിളവ് വർദ്ധിപ്പിച്ചാലും ഒന്നും ഈ വിടവ് നികത്തുവാൻ സാധ്യമല്ല. ജനസംഖ്യയുടെ വർദ്ധനവിനെ നിയന്ത്രിക്കുക എന്നതു് മാത്രമേ ഈ മഹാദുഃഖത്തിനു പരിഹാരമുള്ളു.

---

( 24-ാം പേജിന്റെ തുടർച്ച )

ക്കാൻ കാരണമാകുമെന്നതു് സത്യമാണ്. പരീക്ഷണ നിരീക്ഷണങ്ങളിലൂടെയും തെററുതിരുത്തലിലും (trial and error) കൂടിയുള്ള പഠനമാണ് കൂടുതൽ പ്രയോജനക്ഷമവും നിലനിൽക്കുന്നതും.

## ചില സാമൂഹിക അടിസ്ഥാനങ്ങൾ

സമൂഹത്തിന്റെ നിലനില്പും പുരോഗതിയും ഉറപ്പു ചെയ്യലാണ് വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. പ്രത്യേക സാമൂഹ്യ സാഹചര്യങ്ങളിൽ വ്യക്തികൾ എങ്ങനെയൊക്കെ പെരുമാറണമെന്നു് നിർദ്ദേശിക്കുന്നതു് അഥവാ പഠിപ്പിക്കുന്നതു് യാതൊന്നാണോ അതാണ് വിദ്യാഭ്യാസമെന്ന് ചില സാമൂഹ്യശാസ്ത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു് ഒരു പരിധിവരെ ശരിയാണ്. ആചാരാനുഷ്ഠാനങ്ങളും വി



Digitized by Kerala Sahitya Akademi

ഗവണ്മെൻറുകളോ സർവരാജ്യ സംഘടനകളോ, സമുദായമോ വിചാരിച്ചാൽ ജനപ്പെരുപ്പത്തെ തടയുവാൻ സാധ്യമല്ല. അതു് വ്യക്തിനിഷ്ഠമായ കാര്യമാണു്. ഓരോ വ്യക്തിയുടെയും സ്വകാര്യജീവിതമാണു് അതിൽ അന്തർഭവിക്കുന്നതു്. അതിൻെറ ലക്ഷ്യങ്ങളും പ്രേരണകളും മനോഭാവങ്ങളും മാറേണ്ടിയിരിക്കുന്നു. ഇവയെ മാറ്റുവാൻ ഒരേ ഒരു ഉപായമേയുള്ളു. അതാണു് വിദ്യാഭ്യാസം. ജനപ്പെരുപ്പത്തിൻെറ ആപത്തിനെക്കുറിച്ച് ആലോചിക്കുമ്പോൾ ജനസംഖ്യാവിദ്യാഭ്യാസമാണു് ഇതു് മറെറന്തിനെക്കാളും ആവശ്യമായിരിക്കുന്നതെന്നു് സ്പഷ്ടമാണു്. പക്ഷേ ഇന്ത്യയിൽ ഈ ഉപായത്തിനും പരിമിതികളുണ്ടു്. ഇവിടത്തെ ജനങ്ങളിൽ മൂന്നിൽരണ്ടുഭാഗവും നിരക്ഷരരാണു് (38 കോടി! ലോകത്തിൽ ആകെയുള്ളതിൻെറ നേർ പകുതി) പക്ഷേ അക്ഷരം അറിഞ്ഞുകൂടാത്തവരെയും വിദ്യാഭ്യാസം ചെയ്യിക്കാവുന്നതാണു്. ചെയ്യിക്കുകയും വേണം. അതിനുവേണ്ടിയുള്ള അതിവിപുലമായ ഒരു യത്നം നടത്തേണ്ട കാലം വൈകിയിരിക്കുന്നു.

വിദ്യാലയങ്ങളിലൂടെ ജനസംഖ്യാവിദ്യാഭ്യാസം പ്രചരിപ്പിക്കുവാൻ കൂടുതൽ സൗകര്യമുണ്ടു്. ഈ വിഷയം കുടുംബാസൂത്രണമോ, ജനന നിയന്ത്രണമോ ആണെന്നു തെററിദ്ധരിച്ച് മുതിർന്ന വിദ്യാർത്ഥികൾക്കു മാത്രമേ അതു നൽകാവൂ എന്നു് ചില ആളുകൾ വാദിക്കാറുണ്ടു്. ഇതബദ്ധമാണു്. ജനസംഖ്യാവിദ്യാഭ്യാസം ഏതു പ്രായത്തിലുള്ളവർക്കും നൽകാവുന്നതാണു്. എത്രയും ചെറുപ്പത്തിൽ തുടങ്ങുന്നുവോ അത്രയും നല്ലതുമാണു്. എന്തെന്നാൽ ജീവിതത്തെക്കുറിച്ചുള്ള വീക്ഷണവും അതിൻെറ നേർക്കുള്ള മനോഭാവവും രൂപ

---

ശ്വാസങ്ങളും കാലോചിതമായി പരിഷ്കരിക്കാനും തിരുത്തിയെഴുതാനും വിദ്യാഭ്യാസമാണു് പ്രേരണ നൽകേണ്ടതു്. സാമൂഹ്യവത്കരണവും സാമൂഹ്യപുരോഗതിയും അങ്ങനെ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യങ്ങളിൽ പെടുന്നു ഒരു നവജാത ശിശുവിനെ (New Born child), ഒരു സമൂഹത്തിലെ ഗണനീയ വ്യക്തിയായി വളർത്തിയെടുക്കുന്നതിനുള്ള ഉപാധിയാണു് വിദ്യാഭ്യാസം. ഈ നിർവചനം നാം സ്വീകരിച്ചാൽ ആശയവിനിമയോപാധികൾ (communication media) ജനാധിപത്യം, ശാസ്ത്രീയ ചിന്താഗതി, ഭൗമശാസ്ത്ര വിജ്ഞാനം മനുഷ്യബന്ധങ്ങൾ ആരോഗ്യചർച്ച, ഗണിതബോധം, സൗന്ദര്യബോധം, ചരിത്ര പശ്ചാത്തലം മുതലായവ പാഠ പദ്ധതിയിൽ ഉൾക്കൊള്ളണമെന്നു് സിദ്ധിക്കും.

### ചരിത്രപശ്ചാത്തലം

നാടിൻെറ ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലം വിദ്യാഭ്യാസത്തിലൂടെയാണു് അനന്തര തലമുറകൾക്കു് ലഭിക്കുക. ഇതു് സാമൂഹ്യപാഠങ്ങളിലൂടെയായാലും ഭാഷാപാഠങ്ങളിലൂടെയായാലും പാഠപദ്ധതിയിൽ അവശ്യം വേണ്ട ഒരു വിഭാഗമാണു്. ചരിത്രം തിരുത്തി എഴുതപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ രാഷ്ട്രങ്ങളുടെ



Digitized by Kerala Sahitya Akademi

വൽക്കരിക്കുന്നതിനുള്ള പ്രായത്തിലാണ്. ഇതിനായി പ്രൈമറി ക്ലാസ്സുകളിലും നഴ്സറിസ്കൂളിൽ പോലും ജനസംഖ്യയെ കുറിച്ചുള്ള പാഠങ്ങൾ ഉണ്ടായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. പാട്ടുകളായും കഥകളായും അതിലുപരി ശാസ്ത്രീയ തത്വങ്ങളായും ഈ പാഠങ്ങൾ നൽകാവുന്നതാണ്, വാസ്തവത്തിൽ കുചേലനെ പറ്റിയുള്ള പുരാണകഥയിൽ തന്നെ ഈ സങ്കല്പം അന്തർഭവിച്ചിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അത് ഒരിക്കൽ കേട്ടിട്ടുള്ളവർ പിന്നെ ഒരിക്കലും മറക്കുകയില്ല. അതുപോലെ ദുരിതം അനുഭവിക്കാൻ ഇടയാകരുതേ എന്ന് ആരും പ്രാർത്ഥിച്ചുപോകും.

അതുപോലെ ഇംഗ്ലീഷിലുള്ള പ്രസിദ്ധമായ ഒരു നഴ്സറിഗാനത്തിൽ

There was an old woman
Who lived in a shoe
She had so many children
She didn't know what to do
So she gave them some soup
Without any bread
And whipped them all soundly
And send them to bed.

---

യും അവയുടെ ഗതിവിഗതികളുടെയും ചരിത്രം ഓരോ വിദ്യാർത്ഥിയും അറിയണം.

റോമൻ വിദ്യാഭ്യാസസമ്പ്രദായത്തിൽ എഴുത്ത്, വായന, കണക്ക്, ചരിത്രം, വ്യാകരണം, സംഗീതം, നിയമം, വ്യായാമം എന്നിവയായിരുന്നു പാഠപദ്ധതിയിലെ ഉള്ളടക്കം. അങ്കഗണിതം, ക്ഷേത്രഗണിതം, വാനശാസ്ത്രം, സംഗീതം എന്നിവക്കായിരുന്നു മധ്യകാലഘട്ടത്തിൽ മുൻതൂക്കം നൽകിയിരുന്നത്. ആധുനിക കാലഘട്ടത്തിൽ കയ്യെഴുത്തിനും വായനക്കും പാഠപദ്ധതിയിൽ സ്ഥാനം നൽകിയിട്ടുണ്ട് ഒപ്പം ശാസ്ത്രസാങ്കേതിക വിജ്ഞാനത്തിനും സാമൂഹ്യപാഠത്തിനും സമർഹമായ സ്ഥാനം ലഭിച്ചിട്ടുമുണ്ട്.

## നിലവിലുള്ള പാഠപദ്ധതി— ഒരു വിശകലനം

ഡോ: കോഠാരി അധ്യക്ഷനായി 1964-ൽ നിയമിതമായ വിദ്യാഭ്യാസക്കമ്മീഷൻ മുന്നോട്ട് വച്ച നിർദ്ദേശങ്ങളുടെ കൂട്ടത്തിൽ നമ്മുടെ വിദ്യാഭ്യാസനിലവാരം അന്തർദ്ദേശീയ നിലവാരത്തിനനുരൂപമല്ലെന്ന് ചൂണ്ടിക്കാണിക്കുകയും ഏതാനും വർഷങ്ങൾക്കകം അത് കാര്യമായി മെച്ചപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. മറ്റുപല സ്റ്റേറ്റുകളോടൊപ്പം കേരളത്തിലും പാഠപദ്ധതിപരിഷ്ക്കരിച്ചു നടപ്പിൽവരുത്തി തുടങ്ങിയിരിക്കുകയാണ്. തികച്ചും വിഭിന്നമാണ് ഇപ്പോഴത്തെ സമീപനം.

നിലവാരം മെച്ചപ്പെടുത്തുകയാണ് ഇപ്പോഴത്തെ പ്രധാനലക്ഷ്യം. ഉള്ളടക്കം വർദ്ധിപ്പിക്കാൻ കാര്യമായ ശ്രമം നടക്കുന്നുണ്ട്. അത് പഠിക്കാൻ വിദ്യാർത്ഥികൾ സജ്ജരാണോ എന്ന് പരീക്ഷിച്ചിട്ടില്ല പരീക്ഷിക്കാൻ ഇന്നുള്ള അദ്ധ്യാപകർക്ക് കഴിയുമോ എന്ന് പരിശോധിച്ചിട്ടില്ല. അവർക്ക് വേണ്ട അധികയോഗ്യതകൾ നൽകാൻ പ്രത്യേകം



Digitized by Kerala Sahitya Akademi

സന്താനബാഹുല്യംകൊണ്ട് കഷ്ടപ്പെടുന്ന ഒരു വൃദ്ധയുടെ കഥ സൂചിപ്പിച്ചിരിക്കുന്നു. കേറിക്കിടക്കുവാൻ ഒരു വീടുപോലുമില്ലാത്ത ആ അമ്മയുടെ ദുഃഖം ആരുടെ ഹൃദയമാണ് അലിയിക്കാത്തത് ? അത്രതന്നെ പ്രസിദ്ധമായ മറെറാരു ഗാനത്തിൽ

Sergeant Major left, left, left,
Left his wife and twenty
children right, right
Right in the market place.
He left them, left, left.

..............................

ഒരു പട്ടാളക്കാരൻ തൻെറ ഭാര്യയെയും ഇരുപതു മക്കളെയും ചന്തസ്ഥലത്ത് ഉപേക്ഷിച്ചിട്ടു പോയതായി വർണ്ണിച്ചിരിക്കുന്നു. ലെഫ്ററ് റൈററ് ലെഫ്ററ്-റൈററ് എന്നിങ്ങനെ മാർച്ചു ചെയ്യുമ്പോൾ ചുവടുകൾ തെററാതെ ചവിട്ടുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പാട്ടാണ്. പക്ഷേ ആ ഈ പാട്ടുകളുടെ കാര്യം വരുമ്പോൾ കൊച്ചുകുട്ടികളുടെ ഹൃദയത്തുപോലും വിഷാദം കലർന്ന ഒരു മന്ദഹാസം വിരിയുന്നതു കാണാം.

കുതിരയുടെ കൂടെ ഓടാം. പലിശയുടെ കൂടെ ഓടാൻ സാധ്യമല്ല, എന്നൊരു പഴമൊഴിയുണ്ട്. ഇത് കൂട്ടപ്പെരുക്കം എന്ന ഗണിതക്രിയയുടെ ആപത്തിനെ കുറിച്ചുള്ള വർണ്ണനയാണ്. ഇതു തന്നെയാണ് ജനസംഖ്യാവർദ്ധനത്തിലും സംഭവിക്കുന്നത്.

ഇങ്ങനെയുള്ള പാഠങ്ങളാണ് കൊച്ചുകുട്ടികൾക്കു വേണ്ടിയുള്ള ജനസംഖ്യാവിദ്യാഭ്യാസ പദ്ധതിയിൽ ഉപയോഗിക്കേണ്ടത്. ഭാവനാശക്തിയുള്ള അദ്ധ്യാപകൻെറ കൈയ്യിൽ ഈ പാഠങ്ങൾ ഏററം ഫലപ്രദമാകുമെന്നുള്ളതിൽ

---

സംവിധാനമൊന്നും ഉണ്ടാക്കിയിട്ടില്ല. പ്രത്യേകിച്ചും കണക്കും സയൻസും പഠിപ്പിക്കാൻ. പഠിക്കലും പഠിപ്പിക്കലും എത്രത്തോളം നടക്കുന്നെന്ന് പരിശോധിക്കാൻ വസ്തുനിഷ്ഠമായ മൂല്യനിർണ്ണയരീതി ഉണ്ടാക്കിയിട്ടില്ല. ബിരുദധാരികൾ പഠിപ്പിച്ചാലും പാഠപദ്ധതിയോട് പൂർണ്ണമായും നീതി പുലർത്താൻകഴിയുമോ എന്നത് സംശയമാണ്. ഈ സിലബസ് നിലനിർത്താനാണ് ഭാവമെങ്കിൽ കുറഞ്ഞതു Pre-Degree യും Content ന് കുറെ കൂടി മുൻതൂക്കം നൽകുന്ന T. T. C യും ആകണം അദ്ധ്യാപകരുടെ യോഗ്യത. Pre-Degree ക്കാരെ തെരഞ്ഞെടുത്ത് മൂന്നോ നാലോ വർഷത്തെ പ്രൊഫഷനൽ പരിശീലനം നൽകുകയാണ് കരണീയമായുള്ളത്.

ഇതിനൊരു മറുവശമുള്ളത് കുട്ടികളുടെ പ്രായത്തിന് അനുയോജ്യമല്ല ഇന്നത്തെ പാഠപദ്ധതി എന്നതാണ്. വിദേശങ്ങളിൽ 6-ം 7-ം വയസ്സായിട്ടാണ് കുട്ടികളെ സ്കൂളിൽ ചേർക്കാറുള്ളത്. പാഠപദ്ധതി ലഘൂകരിക്കാനാവില്ലെങ്കിൽ പ്രവേശന വയസ്സ് ഉയർത്തുന്നതിനെപ്പററി കാര്യമായി ആലോചിച്ചേ തീരൂ. പരിശോധനാ സംവിധാനം കാലോചിതമായി പരിഷ്ക്കരിക്കുന്നതും നിലവിലുള്ള പാഠപദ്ധതിയോട് നീതി പുലർത്താൻ ആവശ്യമാണ്.

◇◇◇◇◇



Digitized by Kerala Sahitya Akademi

# ഇംഗ്ലീഷ് ഭാഷാഭ്യസനം പ്രൈമറിഘട്ടത്തിൽ

**എൻ. ബാലകൃഷ്ണൻ** എം. എ. എം. എ. (ലിററ്) ബി. ററി.
ഗവ. ട്രെയിനിങ്ങ് കോളേജ് തലശ്ശേരി

ഇംഗ്ലീഷ് തികച്ചും ഒരു വിദേശഭാഷയാണ്. ഭാരതീയ ഭാഷകളുമായി ഇംഗ്ലീഷിനു അടുത്ത ബന്ധങ്ങളൊന്നുമില്ല. എങ്കിലും നമ്മുടെ രാജ്യത്ത് ഇംഗ്ലീഷിന്റെ പ്രാധാന്യം കുറെ അധികം കൊല്ലം നിലനിൽക്കേണ്ടിയിരിക്കുന്നു. അന്തർദ്ദേശീയ ഭാഷയെന്നനിലക്കും ഹിന്ദി അതർഹിക്കുന്ന സ്ഥാനം നേടിയെടുക്കുന്നതുവരെ സ്റ്റേറ്റുകൾ തമ്മിലുള്ള ബന്ധത്തിനുള്ള ഭാഷ എന്ന നിലക്കും ഇംഗ്ലീഷിനു പ്രാധാന്യം അവകാശപ്പെടാം. സാങ്കേതികവും ശാസ്ത്രീയവുമായ ഉപരിപഠനത്തിനും ഇംഗ്ലീഷിന്റെ സഹായം ആവശ്യമാണ്. കൊത്താരികമ്മീഷന്റെ ഭാഷയിൽ പറഞ്ഞാൽ ഇംഗ്ലീഷ്, ഒരു ലൈബ്രറി ഭാഷയായി നിലനിർത്തേണ്ടിവരും.

ഇംഗ്ലീഷിന്റെ ആവശ്യം നമുക്ക് ഇനിയും കുറെക്കാലത്തേക്കു വേണ്ടിവരുമെന്നു സമ്മതിച്ചാൽ അതെങ്ങിനെ ഏററവും ഫലപ്രദമായി പഠിപ്പിക്കാം എന്നതാണ് അടുത്ത ചോദ്യം. ആറും ഏഴും കൊല്ലം ഇംഗ്ലീഷ് പഠിച്ച ഒരു എസ്. എസ്. എൽ. സി. ക്കാ

സംശയമില്ല. വിദ്യാലയങ്ങളിലെ പാഠപദ്ധതികൾ പരിഷ്കരിച്ച്, അതിന് അധികാരസ്ഥാനങ്ങളുടെ അംഗീകാരം കിട്ടിയതിനുശേഷം നടപ്പാക്കുവാൻ കാത്തിരുന്നാൽ ഈ പരിപാടി അടുത്ത കാലത്തെങ്ങും തുടങ്ങുവാൻ സാധിക്കുകയില്ല. അദ്ധ്യാപകലോകത്തിന്റെ ഉത്സാഹംകൊണ്ടുമാത്രമേ അതു് നടക്കുകയും വിജയിക്കുകയുമുള്ളൂ.

രന് ഇംഗ്ലീഷിൽ രണ്ടു വാചകം സംസാരിക്കാനോ രണ്ടു വാചകം സ്വന്തമായി എഴുതാനോ സാധ്യമല്ലെങ്കിൽ കാര്യം അത്ര ശുഭമല്ല എന്നുള്ളതു് വ്യക്തമാണ്. ചെലവാക്കുന്ന പണവും സമയവും വ്യർത്ഥമായി എന്നു മാത്രം.

## എവിടെയാണ് തകരാറ്?

പഠനസമയം വളരെ പരിമിതമാണ് എന്നു സമ്മതിക്കാം. മൂന്നാംസ്റ്റാൻഡേർഡിൽനിന്നു ഇംഗ്ലീഷ്പഠനം ചില സ്റ്റേറ്റുകളിൽ തുടങ്ങുന്നുവെങ്കിലും ഏഴാംസ്റ്റാൻഡേർഡിൽനിന്നു മാത്രം ഇംഗ്ലീഷ് തുടങ്ങുന്ന സ്റ്റേറ്റുകളുമുണ്ട്. നമ്മുടെ രാജ്യത്തിൽ ഏഴ് വയസ്സായ കുട്ടികൾക്ക് മാതൃഭാഷക്കുപുറമേ മററൊരു ഭാഷകൂടി പഠിക്കാൻ സാധിക്കുമോ എന്നു



Digitized by Kerala Sahitya Akademi